REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 19-05-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഹൈദരാബാദ് , സോളാപൂർ തീപിടുത്ത സംഭവങ്ങളിൽ രാഷ്ട്രപതി ദ്രൗപതിമുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും അതീവ ദുഃഖം അറിയിച്ചു.**
- **കോഴിക്കോട് പുതിയ ബസ് സ്റ്റാന്റ് കെട്ടിടത്തിൽ ഇന്നലെ ഉണ്ടായ തീ പിടുത്തത്തിന്റെ കാരണങ്ങൾ അഗ്നി ശമനസേന ഇന്ന് വിശദമായി പരിശോധിക്കും.**
- **ആരോഗ്യ രംഗത്ത് കേരളത്തിന്റെ നേട്ടങ്ങളെ തകർക്കുന്ന അശാസ്ത്രീയ പ്രവണതകൾ പലയിടത്തും കാണുന്നുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **കൊച്ചി വിമാനത്താവളത്തിലെ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന "സിയാൽ 2.0" പദ്ധതിയ്ക്ക് ഇന്ന് തുടക്കം.**
- **സാഫ് അണ്ടർ - 19 ഫുട്ബോൾ കിരീടം ഇന്ത്യക്ക്.**

## വാർത്തകൾ വിശദമായി

ഹൈദരാബാദിലെ ചാർമിനാറിനടുത്ത് ഗുൽസാർ ഹൗസിലെ തീപിടുത്തത്തിൽ 17 പേർ മരിച്ച സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതിമുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും അതീവ ദുഃഖം അറിയിച്ചു. മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകുമെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ അറിയിച്ചു.

മഹാരാഷ്ട്രയിലെ സോളാപൂരിൽ ഫാക്ടറിയിലെ തീപിടുത്തത്തിലും മരണത്തിലും രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും അനുശോചിച്ചു. മരിച്ചവരുടെ ബന്ധുക്കൾക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും  പരിക്കേറ്റവർക്ക് 50,000 രൂപ വീതവും അനുവദിച്ചു.

✪✪✪

കോഴിക്കോട് പുതിയ ബസ് സ്റ്റാന്റ് കെട്ടിടത്തിൽ ഇന്നലെ ഉണ്ടായ തീ പിടുത്തത്തിന്റെ കാരണങ്ങൾ കണ്ടെത്താൻ അഗ്നി ശമനസേന ഇന്ന് വിശദ പരിശോധന നടത്തും.  സംഭവത്തെ പറ്റി വിശദമായ  റിപ്പോർട്ട് രണ്ട് ദിവസത്തിനകം സമർപ്പിക്കാൻ ജില്ലാ കളക്ടർക്ക് ചീഫ്  സെക്രട്ടറി നിർദേശം നൽകിയിട്ടുണ്ട്.

കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ യൂനിറ്റുകളിൽ നിന്ന് 14 ഫയർ ഫോഴ്സ് യൂനിറ്റുകളും എയർപോർട്ട് യൂണിറ്റും ഏറെ പരിശ്രമിച്ച ശേഷമാണ് തീയണക്കാനായത്.

✪✪✪

കോഴിക്കോട് നഗരത്തിലെ തീപിടുത്തം  അഞ്ചു മണിക്കൂർ ശ്രമിച്ചിട്ടും അണയ്ക്കാൻ കഴിയാത്തത് ഗവൺമെന്റ് സംവിധാനങ്ങൾ അനുഭവത്തിൽ നിന്നും പാഠം പഠിക്കാത്തതുകൊണ്ടാണെന്ന് BJP സിറ്റി ജില്ല പ്രസിഡന്റ് പ്രകാശ് ബാബു പറഞ്ഞു. ഫയർ സ്റ്റേഷനുകളിൽ അത്യാധുനിക സംവിധാനങ്ങളോ ആവശ്യത്തിന് വാഹനങ്ങളോ ഇല്ല. മെഡിക്കൽ കോളേജ് തീപ്പിടുത്തത്തിൽ നിന്ന് ഗവൺമെന്റ് പാഠം ഉൾക്കൊണ്ടിരുന്നെങ്കിൽ ബസ് സ്റ്റാന്റിലെ തീപിടുത്തം നിയന്ത്രിക്കാനാകുമായിരുന്നുവെന്നും പ്രകാശ് ബാബു പറഞ്ഞു.

✪✪✪

കോഴിക്കോട് നഗരത്തിലെ ഫയർ ഫോഴ്സ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്നും കെട്ടിടങ്ങളുടെ ഫയർ ഓഡിറ്റ് സംവിധാനം കാര്യക്ഷമമാക്കണമെന്നും T. സിദ്ദീഖ് MLA ആവശ്യപ്പെട്ടു. പുതിയ ഫയർ യൂണിറ്റുകൾ ആരംഭിക്കണമെന്ന നിർദേശത്തിൽ ഗവൺമെന്റ് നടപടിയെടുക്കുന്നില്ലെന്നും സിദ്ദിഖ് കുറ്റപ്പെടുത്തി.

✪✪✪

അപകടാവസ്ഥയെ തുടർന്ന് പൊളിച്ചുമാറ്റിയ കോഴിക്കോട് ബീച്ച് ഫയർസ്റ്റേഷൻ യുദ്ധകാലാടിസ്ഥാനത്തിൽ പുനർനിർമ്മിക്കണമെന്ന് മലബാർ ഡവലപ്പ്മെന്റ് കൗൺസിൽ ആവശ്യപ്പെട്ടു. താല്കാലിക ഫയർസ്റ്റേഷൻ

നിർമ്മാണത്തിന് ഒരു കോർപ്പറേറ്റ് സ്ഥാപനം മുന്നോട്ട് വന്നെങ്കിലും ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചില്ലെന്ന് കൗൺസിൽ കുറ്റപ്പെടുത്തി.

✪✪✪

ആരോഗ്യ രംഗത്ത് കേരളത്തിന്റെ നേട്ടങ്ങളെ തകർക്കുന്ന രൂപത്തിൽ അശാസ്ത്രീയ പ്രവണതകൾ പലയിടത്തും ഉയർന്നു വരുന്നുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

വാക്സിൻ വിരുദ്ധത, വീട്ടിലെ പ്രസവം തുടങ്ങിയ ഇത്തരം പ്രവണതകൾക്കു പിന്നിൽ സാമൂഹ്യദ്രോഹികളാണെന്ന് മുഖ്യമന്ത്രി വിലയിരുത്തി. സമൂഹം ഇതിനെ ഒറ്റക്കെട്ടായി എതിർക്കണം. പാലക്കാട്, ചിറ്റൂർ താലൂക്ക് ആശുപത്രിക്കു വേണ്ടി നിർമിച്ച കെട്ടിടവും സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്കും ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

✪✪✪

സ്വാതന്ത്ര്യവും ജനാധിപത്യവും മതനിരപേക്ഷതയും സോഷ്യലിസ്റ്റ് സങ്കൽപ്പവും ഇല്ലാതായാൽ കലയ്ക്കും സാഹിത്യത്തിനും നിലനിൽക്കാനാകില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പാലക്കാട് മെഡിക്കൽ കോളേജിന് സമീപം യാക്കരയിൽ VT ഭട്ടതിരിപ്പാട് സാംസ്കാരിക സമുച്ചയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെയും പ്രത്യേകിച്ച് പാലക്കാടിന്റേയും സാംസ്കാരിക രംഗത്തിന് VT ഭട്ടതിരിപ്പാടിന്റെ സംഭാവനകൾ അതുല്യമാണ് മുഖ്യമന്ത്രി വിലയിരുത്തി.

✪✪✪

അഞ്ച് വർഷംകൊണ്ട് 100 പാലങ്ങൾ ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത് ഇതിനകം 140 പാലങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞത് അഭിമാനകരമായ നേട്ടമാണെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. കോഴിക്കോട് ചെറുവണ്ണൂരിൽ മേൽപാലം നിർമ്മാണ പ്രവൃത്തി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

മീഞ്ചന്ത - അരീക്കാട് മേൽപാലവും യാഥാർത്ഥ്യമാകുന്നതോടെ കോഴിക്കോട് നഗരത്തിലെ ഗതാഗതം സുഗമമാകുമെന്ന് അദ്ദേഹം പറഞ്ഞു.

പാലങ്ങളുടേയും റോഡുകളുടേയും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എല്ലാ നിയോജക മണ്ഡലങ്ങളിലും മോണിറ്ററിങ് കമ്മിറ്റികളേയും നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

✪✪✪

ISRO യുടെ ഇന്നലത്തെ PSLV വിക്ഷേപണ പരാജയത്തിൽ അന്വേഷണ സമിതി രൂപീകരിച്ചു. ഇന്നലെ യോഗം ചേർന്ന സമിതി പരാജയ കാരണം പലവട്ടം വിശകലനം ചെയ്തുവെന്ന് ISRO ചെയർമാൻ ഡോ. V നാരാണൻ അറിയിച്ചു. ആദ്യ രണ്ട് ഘട്ടങ്ങളും വിജയിച്ച ശേഷം മൂന്നാം ഘട്ടത്തിലാണ് വിക്ഷേപണം പരാജയമായത്.

✪✪✪

ഇന്ത്യയുടെ രാജ്യരക്ഷാ ചരിത്രത്തിൽ ഒരു വഴിത്തിരി വായിരുന്നു ഓപ്പറേഷൻ സിന്ദൂർ എന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു. പഹൽഗാം ഭീകരാക്രമണത്തിന് ശേഷം ആരംഭിച്ച ഓപ്പറേഷൻ സിന്ദൂറിൽ മൂന്ന് സേനയും കൃത്യത, പ്രൊഫഷണലിസം, ലക്ഷ്യം എന്നിവയോടെ കൃത്യമായി പ്രതികരിച്ചു. നിയന്ത്രണ രേഖയ്ക്ക് അപ്പുറത്ത് ഭീകരവാദ കേന്ദ്രങ്ങൾ തകർക്കുന്നതിന് ലക്ഷ്യമിട്ട ഒരു കാമ്പെയ്ൻ എന്ന നിലയിലാണ് ഓപ്പറേഷൻ സിന്ദൂരിനെ വിഭാവനം ചെയ്തത്. ഇന്ത്യയുടെ നടപടി സൂക്ഷ്മമായ ആസൂത്രണത്തിന്റെയും ഇന്റലിജൻസ് സമീപനത്തെയും അടിസ്ഥാനമാക്കി യായിരുന്നുവെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

കൊച്ചി വിമാനത്താവളത്തിലെ പ്രവർത്തനങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന "സിയാൽ 2.0" പദ്ധതി സിയാൽ ചെയർമാൻ കൂടിയായ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും.

200 കോടി രൂപ ചെലവിൽ, സൈബർ ഡിഫൻസ് ഓപ്പറേഷൻ സെൻറർ, AI അധിഷ്ഠിത നിരീക്ഷണ സംവിധാനം, ബോംബ് ഡിറ്റക്ഷൻ ആൻഡ് ഡിസ്പോസൽ സിസ്റ്റം എന്നിവയടക്കം പദ്ധതികളുടെ നവീകരണമാണ് നടപ്പാക്കുന്നത്. ഉച്ചകഴിഞ്ഞ് സിയാൽ കൺവെൻഷൻ സെൻററിൽ ഏറോ ഡിജിറ്റൽ ഉച്ചകോടിയും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ആയുഷ് മേഖലയിൽ കേരളത്തിന്റെ പദ്ധതികൾ ദേശീയ തലത്തിൽ അംഗീകരിക്കപ്പെടുന്നുണ്ടെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഈ മേഖലയ്ക്ക് സവിശേഷ പ്രാധാന്യം നൽകിയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നതെന്നും. പാലക്കാട് ജില്ലാ ആയുർവേദ ആശുപത്രിയുടെ പുതിയ OP കെട്ടിടം ഉദ്ഘാടനം ചെയ്യവെ മന്ത്രി അറിയിച്ചു.

കിഫ്ബി മുഖേന മുന്നൂറ് കോടി രൂപ ചെലവിൽ കണ്ണൂരിൽ രാജ്യാന്തര ആയുർവേദ ഗവേഷണകേന്ദ്രം ഗവൺമെന്റ് യാഥാർത്ഥ്യമാക്കി വരികയാണ്.

ആയുർവേദ മേഖലയ്ക്ക് കേരളം നൽകുന്ന ഏറ്റവും വലിയ സംഭാവന ആയിരിക്കും ഈ ഗവേഷണകേന്ദ്രമെന്ന് മന്ത്രി പറഞ്ഞു.

✪✪✪

സമ്പന്നമായ പൈതൃകം സംരക്ഷിക്കുന്നതിന് ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു.

കോലത്തിരി രാജവംശത്തിലെ പടനായകൻ ആയിരുന്ന മുരിക്കഞ്ചേരി കേളുവിനായി കണ്ണൂർ പയ്യാമ്പലത്ത് നിർമ്മിക്കുന്ന സ്മാരകത്തിന്റെ നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കണ്ണൂർ കാലത്തിനൊപ്പം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് മുരിക്കഞ്ചേരി കേളു സ്മാരകം നിർമ്മിക്കുന്നത്.

✪✪✪

ഗാനരചയിതാവ് P ഭാസ്കരന്റെ ജന്മ ശതാബ്ദിയോടനുബന്ധിച്ച് ആകാശവാണി കണ്ണൂർ നിലയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച, ഒരു വർഷത്തെ പ്രതിമാസ പ്രഭാഷണ പരമ്പര - കണ്ണീരും സ്വപ്നങ്ങളും ഇന്ന് സമാപിക്കും.

കണ്ണൂർ ജവഹർഓഡിറ്റോറിയത്തിൽ സമാപന സമ്മേളനം ശ്രീകുമാരൻ തമ്പി ഉദ്ഘടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ.

...........വോയ്സ്.........

ജവഹർലാൽ നെഹ്റു പബ്ലിക് ലൈബ്രറി ആൻഡ് റിസർച്ച് സെന്ററിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച കണ്ണീരും സ്വപ്നങ്ങളും പരിപാടിയിൽ പി ഭാസ്കരന്റെ കരസ്പർശമേറ്റ വിവിധ മേഖലകൾ സദസ്സിനു മുന്നിൽ അവതരിപ്പിച്ചു. ഗായകൻ വി ടി മുരളി, എഴുത്തുകാരൻ സി വി ബാലകൃഷ്ണൻ, സംഗീതസംവിധായകൻ എം ജയചന്ദ്രൻ, ഗാനരചയിതാക്കളായ ഷിബു ചക്രവർത്തി, റഫീഖ് അഹമ്മദ്, ബി കെ ഹരി നാരായണൻ, കാവ്യ നിരൂപകരായ കെ വി സജയ് , വിജു നായരങ്ങാടി , സി പി ചിത്രഭാനു ,ഡോ. മഹേഷ് മംഗലാട്ട് , ആകാശവാണി മുൻ പ്രോഗ്രാം മേധാവി ഡി പ്രദീപ്കുമാർ തുടങ്ങിയവർ പ്രഭാഷണം നടത്തി. ഇന്ന് മൂന്ന് മണിക്ക് നടക്കുന്ന സമാപന സമ്മേളനത്തിന് ശേഷം പി ഭാസ്കരൻ പുതുക്കിപ്പണിത മലയാളി ഭാവുകത്വം എന്ന വിഷയത്തിൽ കവി വീരാൻകുട്ടി സംസാരിക്കും.

തുടർന്ന് ചെങ്ങന്നൂർ ശ്രീകുമാറും സംഘവും ചേർന്ന് പി ഭാസ്കരന്റെ ഗാനങ്ങൾ പുനരാവിഷ്കരിക്കും

✪✪✪

സാഫ് അണ്ടർ - 19 ഫുട്ബോൾ കിരീടം ഇന്ത്യക്ക്. അരുണാചൽ പ്രദേശിലെ യൂപിയയിൽ ബംഗ്ലാദേശിനെ പെനാൽറ്റി ഷൂട്ടൗട്ടിൽ മൂന്നിനെതിരെ നാല് ഗോളിന് തോൽപ്പിച്ചാണ് ഇന്ത്യ ജേതാക്കളായത്.

നിശ്ചിത സമയത്ത് ഇരു ടീമുകളും ഓരോ ഗോളടിച്ച് സമനില പാലിച്ചതിനെ തുടർന്നാണ് മത്സരം ഷൂട്ടൗട്ടിലേക്ക് നീങ്ങിയത്.

✪✪✪

പയ്യന്നൂരിൽ അഖിലേന്ത്യ വോളിബോൾ ടൂർണമെന്റിലെ വനിതാ വിഭാഗത്തിൽ ചെന്നൈ ഇന്റഗ്രൽ കോച്ച് ഫാക്ടറിയും, പുരുഷ വിഭാഗത്തിൽ ചെന്നൈ ഇൻകം ടാക്സും ചാമ്പ്യന്മാരായി. കമ്പൈൻഡ് യൂണിവേഴ്സിറ്റി കേരളയെ പരാജയപ്പെടുത്തിയാണ് ഇന്റഗ്രൽ കോച്ച് ഫാക്ടറി ജേതാക്കളായത്. ഇന്ത്യൻ എയർഫോഴ്സിനെ തോൽപ്പിച്ചാണ് ഇൻകം ടാക്സ് ചെന്നൈ വിജയിച്ചത്.

✪✪✪

IPL ക്രിക്കറ്റിൽ ഡൽഹിയിൽ ഗുജറാത്ത് ടൈറ്റൻസ്, ഡൽഹി ക്യാപിറ്റൽസിനെ പത്ത് വിക്കറ്റിന് തകർത്തു. ഇതോടെ പോയിന്റ് പട്ടികയിൽ ആദ്യസ്ഥാനത്തെത്തിയ ടൈറ്റൻസ് പ്ലേ ഓഫിന് യോഗ്യത നേടി.

നേരത്തെ ആദ്യ മത്സരത്തിൽ ജയ്പൂരിൽ പഞ്ചാബ് കിംഗ്സ് രാജസ്ഥാൻ റോയലൻസിനെ പത്ത് റൺസിന് പരാജയപ്പെടുത്തിയിരുന്നു.

ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. ലക്നൗവിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

സംസ്ഥാനത്ത് അഞ്ചു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമി ഈ മാസം 23 മുതൽ 25 വരെ കൊട്ടാരക്കരയിൽ സംഘടിപ്പിക്കുന്ന ആറാമത് അന്താരാഷ്ട്ര വനിതാ ചലച്ചിത്രമേളയുടെ സംഘാടക സമിതി ഓഫീസ് മന്ത്രി KN ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. 25 വനിതാ സംവിധായകരുടെ ചിത്രങ്ങളാണ് മേളയിൽ പ്രദർശിപ്പിക്കുന്നത്.

✪✪✪

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചി മെട്രോ ആരംഭിക്കുന്ന ഇന്ധന പമ്പ് കളമശ്ശേരി മെട്രോ സ്റ്റേഷനു സമീപം മന്ത്രി P രാജീവ് ഇന്ന് ഉദ്ഘാടനം ചെയ്യും. ഇന്ധനങ്ങൾക്കൊപ്പം ഇലക്ട്രിക് ചാർജിങ് സൗകര്യവും പമ്പിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

✪✪✪

വടകര-പയ്യോളി ദേശീയപാതയിൽ മൂരാട് പാലത്തിന് സമീപം ഈ മാസം 11ന് കാറും വാനും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന ഒരാൾ കൂടി മരിച്ചു. ഇതോടെ മരണസംഖ്യ അഞ്ചായി. ചോറോട് സ്വദേശി സത്യനാഥനാണ് ഇന്നലെ മരിച്ചത്.

✪✪✪

മന്ത്രി J. ചിഞ്ചുറാണി ഇന്ന് കാസർകോട് ജില്ലയിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും. രാവിലെ ഇടയിലക്കാട് ക്ഷീര സംഗമം ഉദ്ഘാടനം ചെയ്യുന്ന മന്ത്രി കെട്ടിടവും നാടിന് സമർപ്പിക്കും. ഉച്ചയ്ക്ക് ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് കെട്ടിടം നീലേശ്വരത്ത് മന്ത്രി ഉദ്ഘാടനം ചെയ്യും. ബേഡകം ആട് ഫാമും അവർ സന്ദർശിക്കും.

വൈകീട്ട് മുളിയാർ ABC സെന്റർ ഉദ്ഘാടനം ചെയ്ത ശേഷം ബദിയഡുക്ക ബേള കന്നുകാലി ഫാം അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം മന്ത്രി നാടിന് സമർപ്പിക്കും.

✪✪✪

*News Editor: പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team:, നിഷിത കുമാരി*
*DEO: സി കെ സുബോധ്*